**KERALA STATE HAJ COMMITTEE**
*(Constituted under the Act of Parliament No. 35 of 2002)*
HAJ HOUSE, CALICUT AIRPORT P.O.,
MALAPPURAM Dist., KERALA - 673 647.

Phone: 0483-2710717, 0483-2717572
Website: keralahajcommittee.org
E-mail: keralahajcommittee@gmail.com
Mob; 8281707785

*Ref:* H2-351/2023/KSHC *Date*: 02.02.2024

പ്രസിദ്ധീകരണത്തിന്:

# ഹജ്ജ് 2024

## തെരഞ്ഞെടുക്കപ്പെട്ടവരുടെ പാസ്പോർട്ടും മറ്റു രേഖകളും സ്വീകരിച്ചു തുടങ്ങി.

ഹജ്ജ് 2024ന് കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന തെരഞ്ഞെടുക്കപ്പെട്ട അപേക്ഷകരുടെ പാസ്പോർട്ടും അനുബന്ധ രേഖകളും സ്വീകരിച്ചു തുടങ്ങി. സംസ്ഥാന ഹജ്ജ് കമ്മിറ്റി ആസ്ഥാനമായ കരിപ്പൂർ ഹജ്ജ് ഹൗസിൽ ഇന്ന് നടന്ന ചടങ്ങിൽ ബഹു. ഹജ്ജ് കമ്മിറ്റി മെമ്പർ കെ.എം. മുഹമ്മദ് കാസിം കോയ ആദ്യ പാസ്പോർട്ട് ഏറ്റു വാങ്ങി. എക്സിക്യൂട്ടീവ് ഓഫീസ്സർ പി.എം. ഹമീദ് അധ്യക്ഷത വഹിച്ചു. അസ്സയിൻ പന്തീർപാടം, യു. മുഹമ്മദ് റഊഫ്, കെ. മുഹമ്മദ് റാഫി, മുഹമ്മദ് അഷ്റഫ് എൻ, സി.പി.മുഹമ്മദ് ജസീം, കെ. നബീൽ എന്നിവർ സംസാരിച്ചു.

സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ആസ്ഥാനമായ കരിപ്പൂരിലെ ഹജ്ജ് ഹൗസിലും, കോഴിക്കോട് പുതിയറ റീജ്യണൽ ഒഫീസിലുമാണ് രേഖകൾ സ്വീകരിക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ടവർ ഒരാൾക്ക് അഡ്വാൻസ് തുകയായ 81,800 രൂപ അടവാക്കിയ സ്ലിപ്പ്, ഒറിജിനൽ പാസ്സ്പോർട്ട്, പാസ്പോർട്ട് സൈസ് ഫോട്ടോ, നിശ്ചിത മാതൃകയിലുള്ള ഫോട്ടോ പതിച്ച മെഡിക്കൽ സ്ക്രീനിംഗ് ആന്റ് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ്, ഹജ്ജ് അപേക്ഷാ ഫോമും അനുബന്ധ രേഖകളുമാണ് സമർപ്പിക്കേണ്ടത്. പണമടക്കാനുള്ള അവസാന തിയ്യതി 2024 ഫെബ്രുവരി 9 ആണ്. ഫെബ്രുവരി 12നകം രേഖകൾ ഹജ്ജ് കമ്മിറ്റിക്ക് സമർപ്പിക്കണം.

## കൊച്ചിയിലും കണ്ണൂരും പ്രത്യേകം കൗണ്ടറുകൾ പ്രവർത്തിക്കും

സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖാന്തരം ഈ വർഷത്തെ ഹജ്ജിന് തിരഞ്ഞെടുക്കപ്പെട്ടവരുടെ പാസ്പോർട്ടും അനുബന്ധ രേഖകളും സ്വീകരിക്കുന്നതിന്നായി കൊച്ചിയിലും, കണ്ണൂരും പ്രത്യേകം കൗണ്ടറുകൾ പ്രവർത്തിക്കുതാണ്.

തെക്കൻ ജില്ലകളിൽ നിന്നുള്ളവരുടെ സൗകര്യാർത്ഥം എറണാകുളത്ത് 2024 ഫെബ്രുവരി 8, 9 തിയ്യതികളിൽ രാവിലെ 10 മണിമുതൽ വൈകുരേം 5 മണിവരെ കളമശ്ശേരി മുൻസിപ്പൽ ടൗൺഹാളിൽ വെച്ച് രേഖകൾ സ്വീകരിക്കും. ഫെബ്രുവരി 8ന് എറണാകുളം, തൃശ്ശൂർ ജില്ലകളിൽ നിന്നുള്ളവരും 9ന് മറ്റു തെക്കൻ ജില്ലകളിൽ നിന്നുള്ളവരുമാണ് രേഖകൾ സമർപ്പിക്കേണ്ടത്.

കണ്ണൂരിൽ ഫെബ്രുവരി 10, 11 തിയ്യതികളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ കണ്ണൂർ കളക്ടറേറ്റ് കോഫറൻസ് ഹാളിൽ വെച്ചും രേഖകൾ സ്വീകരിക്കുന്നതാണ്. ഫെബ്രുവരി 10ന് കണ്ണൂർ ജില്ലയിൽ നിന്നുള്ളവരും, 11ന് കാസർഗോഡ്, വയനാട് ജില്ലകളിൽ നിന്നുള്ളവരുമാണ് രേഖഖൾ സമർപ്പിക്കേണ്ടത്.

(Sd/-)
എക്സിക്യൂട്ടീവ് ഓഫീസ്സർ,
കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി.